2025 OCTOBER
18
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ആന്ധ്രാപ്രദേശിൽ 1,222 കോടിയുടെ പദ്ധതിയുമായി ലുലു ഗ്രൂപ്പ്




**ഹൈദരാബാദ്:** ഇന്ത്യയിലെ ആദ്യ എഐ ഹബ്ബും ഡിജിറ്റൽ ഡേറ്റാ സെന്ററും വിശാഖപട്ടണത്ത് യാഥാർഥ്യമാക്കുമെന്ന ഗൂഗിളിന്റെ പ്രഖ്യാപനത്തിന് പിന്നാലെ ആന്ധ്രാപ്രദേശിൽ വൻ നിക്ഷേപവുമായി ലുലു ഗ്രൂപ്പ്. റീട്ടെയ്ൽ, വിനോദം, ടൂറിസം രംഗത്തെ സമഗ്ര മുന്നേറ്റങ്ങൾക്കുള്ള സർക്കാർ നീക്കങ്ങൾക്ക് പിന്തുണയുമായി 1,222 കോടി രൂപയുടെ ഷോപ്പിങ്ങ് മാളാണ് യാഥാർത്ഥ്യമാകുന്നത്. ഇതിനുള്ള ലുലുവിന്റെ പുതുക്കിയ ലീസ് നിബന്ധനകൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറത്തിറക്കി. മികച്ച ആനുകൂല്യങ്ങൾ നൽകിയാണ് ലുലുവിന്റെ പദ്ധതിക്ക് ആന്ധ്ര സർക്കാർ അനുമതി നൽകിയിരിക്കുന്നത്. ലുലു ഹൈപ്പർമാർക്കറ്റ്, ഫാഷൻ സ്റ്റോർ, ലുലു കണക്ട്, ഫൺടൂറ എന്നിവ കൂടാതെ, മൾട്ടിപ്ലക്സ് തീയേറ്ററുകൾ, ഫുഡ് കോർട്ട് തുടങ്ങി മികച്ച സൗകര്യങ്ങളോടെയുള്ള മാൾ ആണ് ഉയരുക. വിശാഖപട്ടണത്ത് മികച്ച റീട്ടെയ്ൽ ടൂറിസം സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി.

ആന്ധ്രാപ്രദേശ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ ഹാർബർ പാർക്കിലെ 13.74 ഏക്കർ ഭൂമിയിൽ 13.5 ലക്ഷം ചതുരശ്ര അടിയിലാണ് മാൾ നിർമ്മിക്കുക. 99 വർഷത്തേക്കാണ് പാട്ടക്കരാർ. ആന്ധ്രാപ്രദേശ് ടൂറിസം ലാൻഡ് അലോട്ട്മെന്റ് പോളിസി പ്രകാരം, പദ്ധതി പൂർത്തിയാക്കുന്നതിനായി ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ ഉറപ്പ് നൽകിയാണ് ചന്ദ്രബാബു നായിഡു സർക്കാർ പദ്ധതിക്ക് അംഗീകാരം നൽകിയിരിക്കുന്നത്.

പുതിയ നിബന്ധന പ്രകാരം 2028 മുതൽ വാർഷിക പാട്ട തുകയായി 7.08 കോടി രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. അത്ര തന്നെ തുകയുടെ സെക്യൂരിറ്റി ഡിപ്പോസിറ്റും കരാറിൽ നിശ്ചയിച്ചിട്ടുണ്ട് ഓരോ പത്ത് വർഷത്തിൽ പാട്ട തുക 10 ശതമാനമായി പുതുക്കാനും വ്യവസ്ഥയുണ്ട്.

പദ്ധതി പൂർത്തിയാകുന്നതു വരെ മൂന്ന് വർഷത്തേക്ക് കരാർ പ്രാവർത്തികമാകില്ല. ഇത് കൂടാതെ കൃഷ്ണാ ജില്ലയിലെ മല്ലവള്ളിയിൽ മെഗാ ഫുഡ് പാർക്കിൽ വാർഷിക പാട്ട തുകയായി 50 ലക്ഷം രൂപ നിശ്ചയിച്ച് ഭക്ഷ്യ സംസ്കരണ കേന്ദ്രം ആരംഭിക്കാനുള്ള പദ്ധതിക്കും സർക്കാർ അനുമതി നൽകിയിട്ടുണ്ട്

കഴിഞ്ഞ ആഴ്ച നടന്ന മന്ത്രിസഭായോഗത്തിൽ ലുലു ഗ്രൂപ്പിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉപമുഖ്യമന്ത്രി പവൻ കല്യാണും, ഭക്ഷ്യ വകുപ്പ് മന്ത്രി നദൻല മനോഹറും എതിരഭിപ്രായം അറിയിച്ചിരുന്നു. ഇത് മറികടന്നാണ് സർക്കാർ അനുമതി നൽകിയത്.

രാഷ്ട്രീയ സാഹചര്യങ്ങൾമൂലം 2019ൽ ആന്ധ്രാപ്രദേശിൽ നിന്ന് പിന്മാറിയ ലുലുവിനെ, മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു താൽപര്യമെടുത്താണ് തിരിച്ചെത്തിക്കുന്നത്. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയുമായി മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു വസതിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് രണ്ടാം വരവിന് ധാരണ. ആദ്യചർച്ചയിൽ നിലച്ചുപോയ പദ്ധതികളാണ് ഇത്തവണ യാഥാർഥ്യമാകുന്നത്. ഗൂഗിൾ അടക്കമുള്ള വൻകിട കമ്പനികൾ എത്തുന്നതിനാൽ മികച്ച അടിസ്ഥാനസൗകര്യ വികസനമെന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് ലുലു മാൾ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിരിക്കുന്നത്



## വ്യവസായ വകുപ്പിന്റെ 24 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലെന്ന് മന്ത്രി പി. രാജീവ്

**കണ്ണൂർ:** വ്യവസായ വകുപ്പിനു കീഴിലുള്ള 24 പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ ലാഭകരമായാണു പ്രവർത്തിക്കുന്നതെന്നു വ്യവസായ മന്ത്രി പി. രാജീവ്.

പൊതുമേഖലാ സ്ഥാപനമായ കെസിസിപിഎല്ലിന്റെ കണ്ണപുരം യൂണിറ്റിൽ ആരംഭിച്ച പുതിയ ആൻറിസെപ്റ്റിക്സ് ആൻഡ് ഡിസിൻഫെക്ടൻറ്സ് മാനുഫാക്ചറിംഗ് കോംപ്ലക്സ് ഉദ്ഘാടനവും യന്ത്രങ്ങളുടെ സ്വിച്ച്ഓൺ കർമവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

നഷ്ടത്തിലോടിയിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേക്കു നയിച്ചത് സർക്കാരിന്റെ ഇച്ഛാശക്തിയും നാടിനോടുള്ള പ്രതിബന്ധതയുമാണ്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെട്ട് മുന്നോട്ട് പോകുന്നതിന്റെ മികച്ച ഉദാഹരണമാണ് കെസിസിപിഎൽ എന്നും മന്ത്രി പറഞ്ഞു.

6000 ചതുരശ്ര അടി വിസ്തീർണത്തിലാണ് പുതിയ കെട്ടിടം നിർമിച്ചിട്ടുള്ളത്. യന്ത്രങ്ങളടക്കം 2.4 കോടി രൂപയാണ് ആകെ ചെലവ്. ആൻറിസെപ്റ്റിക് സൊല്യൂഷൻപ്ലസ്, ആൻറിസെപ്റ്റിക് സൊല്യൂഷൻക്ലിയർ, ആൻറിസെപ്റ്റിക് സൊല്യൂഷൻ സൂപ്പർ, ഐസോറബ്, എഥനോൾ റബ്, ടോപ്പിക്കൽ സൊല്യൂഷൻ പ്ലസ്, ടോപ്പിക്കൽ സൊല്യൂഷൻക്ലിയർ, കെസിസിപിഎൽ സെപ്റ്റോൾ, സുപ്രീം എഎസ്, ക്ലോറോക്സൈലിനോൾ, സർജിസോൾ, കെസിസിപി ഡിസിൻറനോൾ, മൗത്ത് വാഷ് എന്നിങ്ങനെ 12 തരം പുതിയ ഉത്പന്നങ്ങളാണ് ഈ യൂണിറ്റിൽനിന്ന് ഉത്പാദിപ്പിക്കുന്നത്. കോവിഡ് കാലത്ത് തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വത്തിനാണ് കണ്ണപുരം യൂണിറ്റിൽ ഡിയോൺ ബ്രാൻഡിൽ സാനിറ്റൈസർ, ഹാൻഡ് വാഷ്, ഫ്ളോർ ക്ലീനർ, ഡി.എം. വാട്ടർ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണം ആരംഭിച്ചത്. നേരത്തേ കമ്പനി നടപ്പിലാക്കിയ ഐടി ഇൻക്യുബേഷൻ സെൻറർ, കോക്കനട്ട് ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കോംപ്ലക്സ്, ഹൈടെക് കയർ ഡീഫൈബറിംഗ് യൂണിറ്റ്, പെട്രോൾ പമ്പുകൾ എന്നിവയും വിജയകരമായി പ്രവർത്തിക്കുന്നുണ്ട്.

## ഭീമ ജുവൽസ് നൂറാം വാർഷികാഘോഷം 26 വരെ

**കൊച്ചി:** രാജ്യത്തെ പ്രമുഖ ആഭരണ ബ്രാൻഡുകളിലൊന്നായ ഭീമ ജുവൽസിന്റെ നൂറാം വാർഷികാഘോഷം ഗോൾഡൻ സൂപ്പർ സർപ്രൈസ് 26 വരെ നടക്കും.

എറണാകുളത്തെ എംജി റോഡ്, തൃപ്പൂണിത്തുറ, ഇടപ്പള്ളി ഷോറൂമുകളിലും അങ്കമാലി, കൊടുങ്ങല്ലൂർ, തൊടുപുഴ, തിരുവല്ല, പുനലൂർ, കോട്ടയം എന്നിവിടങ്ങളിലെ ഷോറൂമുകളിലുമെത്തുന്ന ഉപഭോക്താക്കൾക്കായി സമാനതകളില്ലാത്ത ഓഫറുകളും എക്സ്ക്ലൂസീവ് സർപ്രൈസ് സമ്മാനങ്ങളും പ്രത്യേക അംഗീകാരങ്ങളുമാണ് ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുള്ളത്.

സ്വർണാഭരണങ്ങളുടെ പണിക്കൂലിയിൽ 50 ശതമാനം വരെ കിഴിവിനൊപ്പം അടുത്ത പർച്ചേസിലും പണിക്കൂലിയിൽ 50 ശതമാനം കിഴിവ് ലഭിക്കുന്ന, 2025 ഡിസംബർ വരെ സാധുവായ ഒരു അധിക കൂപ്പണും ഉപഭോക്താക്കൾക്കു ലഭിക്കും.

ഡയമണ്ട് ആഭരണങ്ങൾക്ക് ഓരോ കാരറ്റിനും 20,000 രൂപ കിഴിവും സോളിറ്റയേഴ്സിന് 15 ശതമാനം വരെ കിഴിവും ലഭിക്കും. വെള്ളി ആഭരണങ്ങൾക്കും ആർട്ടിക്കിൾസിനും പണിക്കൂലിയിൽ 30 ശതമാനം വരെ കിഴിവ് ലഭിക്കും.

പഴയ സ്വർണം മാറ്റി വാങ്ങുന്നതിന് ഓരോ ഗ്രാമിനും 50 രൂപ അധികം ഭീമ ജുവൽസ് വാഗ്ദാനം ചെയ്യുന്നു. കൂടാതെ, ഉപഭോക്താക്കൾക്ക് സ്വർണനാണയങ്ങളും മറ്റു സമ്മാനങ്ങളും നേടാനുള്ള അവസരങ്ങളുമുണ്ടായിരിക്കും.

നൂറാം വാർഷികാഘോഷത്തിന്റെ ഗോൾഡൻ സൂപ്പർ സർപ്രൈസ് കാമ്പയിൻ ഒരു നാഴികക്കല്ല് പിന്നിടുന്നതിന്റെ വെറുമൊരു ആഘോഷം മാത്രമല്ല, മറിച്ച് തങ്ങളുടെ ഉപഭോക്താക്കളുമായി പങ്കുവയ്ക്കുന്ന ഗാഢബന്ധത്തിന്റെ പ്രതിഫലനം കൂടിയാണെന്ന് ഭീമ ജുവൽസ് ചെയർമാൻ ബി. ബിന്ദു മാധവ് പറഞ്ഞു.

## പ്രതിസന്ധികളെ അവസരങ്ങളാക്കി കെഫോൺ




**കൊച്ചി:** കേരളത്തിന്റെ ഡിജിറ്റൽ ഭാവിയെ മാറ്റിമറിച്ച ഇന്റർനെറ്റ് സേവനമായ കെഫോൺ ഒന്നേകാൽ ലക്ഷത്തിലധികം ഉപഭോക്താക്കളെന്ന ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു.

ചുരുങ്ങിയ കാലയളവിൽ 1.25 ലക്ഷത്തിലധികം ഉപഭോക്താക്കളെ നേടിയാണ് കെഫോൺ ശ്രദ്ധേയമായ വളർച്ച കൈവരിച്ചതെന്ന് കെഫോൺ മാനേജിംഗ് ഡയറക്ടർ ഡോ. സന്തോഷ് ബാബു പറഞ്ഞു.

ആകെ 1,27,047 ഉപഭോക്താക്കളാണ് നിലവിൽ കെഫോൺ കണക്ഷനുകൾ ഉപയോഗിക്കുന്നത്. 2026ഓടെ 2.5 ലക്ഷം ഉപഭോക്താക്കളെന്ന നേട്ടം കരസ്ഥമാക്കാനുള്ള നിരവധി പദ്ധതികൾ കെഫോൺ വരുംദിവസങ്ങളിൽ പ്രാവർത്തികമാക്കും. പുതിയ ഗാർഹിക കണക്ഷൻ എടുക്കാൻ എന്റെ കെഫോൺ എന്ന മൊബൈൽ ആപ്പിലൂടെയോ കെഫോൺ വെബ്സൈറ്റിലൂടെയോ രജിസ്റ്റർ ചെയ്യാം.

ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കുകയെന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം മുൻനിർത്തി ഇൻറർനെറ്റ് സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന കേരളത്തിൽ എല്ലാവർക്കും ഇൻറർനെറ്റ് എത്തിക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കാൻ കെഫോണിന് കഴിഞ്ഞു.

ദേശീയ തലത്തിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നൽകാനുള്ള ഐഎസ്പിഎ ലൈസൻസ് എന്ന നേട്ടം കെഫോണിന്റെ ജൈത്രയാത്രയിലെ ഒരു നാഴികക്കല്ലായിരുന്നു. കേരളത്തിലുടനീളം സജ്ജീകരിച്ചിരിക്കുന്ന നെറ്റ്‌വർക്ക് സംവിധാനത്തിന് പുറമേ മറ്റ് സംസ്ഥാനങ്ങളിൽ നെറ്റ്‌വർക്ക് സംവിധാനമൊരുക്കിയും പ്രധാനപ്പെട്ട ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർമാരുമായി സഹകരിച്ചും രാജ്യവ്യാപകമായി ഇന്റർനെറ്റ് സേവനം നൽകുവാൻ കെഫോൺ പദ്ധതിയിട്ടിട്ടുണ്ട്.

കെഫോൺ പദ്ധതിയെപ്പറ്റി പഠനം നടത്താൻ തമിഴ്നാട് ഫൈബർ നെറ്റ് കോർപറേഷൻ (ടാൻഫിനെറ്റ്) ടീം കെഫോൺ ഓഫീസുകൾ സന്ദർശിക്കുകയും കെഫോൺ ടീമുമായി ചർച്ച നടത്തുകയും ചെയ്തു.

ഏഷ്യയിലെ ഏറ്റവും വലിയ ടെലികോം, മീഡിയ, ടെക്നോളജി ഇവന്റായ ഇന്ത്യൻ മൊബൈൽ കോൺഗ്രസ് 2025ലെ സ്റ്റേറ്റ് ഐടി മിനിസ്റ്റേഴ്സ് ആൻഡ് ഐടി സെക്രട്ടറീസ് റൗണ്ട് ടേബിൾ സമ്മേളന വേദിയിൽ കേരളത്തെ പ്രതിനിധീകരിച്ച് കെഫോൺ പങ്കെടുത്തു.

# മനുഷ്യ–വന്യജീവി സംഘർഷം പരിഹരിക്കാൻ ദീർഘകാലാടിസ്ഥാനനത്തിലുള്ള പദ്ധതികൾ നടപ്പാക്കും

**ഇടുക്കി:** മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വ്യത്യസ്ത അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പാക്കുമെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരണം മൂന്നാം ഘട്ട അവലോകന യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പരിഹാരമാർഗങ്ങളാണ് വനം വകുപ്പ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായാണ് 45 ദിവസം നീളുന്ന തീവ്രയജ്ഞ പരിപാടി നടപ്പാക്കുന്നത്.

മൂന്ന് ഘട്ടമായാണ് തീവ്രയജ്ഞ പരിപാടി സംഘടിപ്പിക്കുന്നത്. സെപ്തംബർ 16 മുതൽ 30 വരെ ഒന്നാം ഘട്ടവും ഒക്ടോബർ ഒന്നു മുതൽ 15 വരെ രണ്ടാം ഘട്ടവും ഒക്ടോബർ 16 മുതൽ 30 വരെ മൂന്നാം ഘട്ടവുമായാണ് പരിപാടി നടപ്പാക്കുന്നത്.

വനം വകുപ്പിനെ കൂടുതൽ ജനസൗഹൃദമാക്കുക എന്ന ലക്ഷ്യവും പരിപാടിക്കുണ്ട്. ഒന്നാം ഘട്ടത്തിൽ 400 പഞ്ചായത്തുകളിലാണ് പരിപാടി സംഘടിപ്പിച്ചത്. 30 പഞ്ചായത്തുകളിൽ തീവ്ര വന്യജീവി പ്രശ്നങ്ങൾ നേരിടുന്നവയാണ്. ഇവിടുത്തെ പ്രശ്നം പരിഹരിക്കുന്നതിനാണ് സർക്കാർ മുന്നോട്ട് വന്നത്. വനം വകുപ്പ് ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിലുള്ള സൗഹാർദം മുൻപത്തേക്കാൾ മെച്ചപ്പെട്ടു. വനം വകുപ്പിലെ ജീവനക്കാർക്കും ആധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.


ജനങ്ങളിലേക്കിറങ്ങിച്ചെന്ന് ജനകീയമായി പ്രശ്നങ്ങൾ പരിഹരിക്കാനാണ് സർക്കാർ ശ്രമം. വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും ഏകോപനത്തോടെയും പ്രശ്നം പരിഹരിക്കാനാണ് ശ്രമം.

ഇടുക്കി ജില്ലയിൽ 29 പഞ്ചായത്തുകളെ മനുഷ്യവന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയിൽ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 14 പഞ്ചായത്തുകളാണ് സംഘർഷം തീവ്രമായിട്ടുള്ളതായി വിലയിരുത്തിയിട്ടുള്ളത്. ഈ പഞ്ചായത്തുകളിൽ നിന്ന് ഒന്നാംഘട്ടത്തിൽ ആകെ 1527 പരാതികൾ ലഭിച്ചു.

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് കോട്ടയം ഡി.കെ. വിനോദ് കുമാർ, ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ട്, മൂന്നാർ ഡിഎഫ്ഒ സാജു വർഗീസ്, ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ ജി. ജയചന്ദ്രൻ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ചങ്ങനാശേരി നഗരത്തിൽ സിഎൻജി പ്ലാന്റിനു പദ്ധതി

**ചങ്ങനാശേരി:** നഗരസഭയുടെ നേതൃത്വത്തിൽ ഫാത്തുമാപുരം മാലിന്യ സംസ്കരണ പ്ലാന്റിനു സമീപം സിഎൻജി പ്ലാന്റ് സ്ഥാപിക്കുന്ന നടപടികൾ പുരോഗതിയിൽ. പ്ലാന്റിന് ലോകബാങ്കിന്റെ അന്തിമ അംഗീകാരം ലഭിച്ചു. ഇനി പദ്ധതിയുടെ ടെൻഡർ നടപടികളിലേക്കു നീങ്ങും.



ലോകബാങ്കിന്റെ സഹായത്തോടെ കേരള സോളിഡ് വേസ്റ്റ്മാനേജ്മെന്റ് പ്രോജക്ട് മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുന്നത്. ദിനംപ്രതി മുപ്പതു ടൺ ജൈവമാലിന്യം സംസ്കരിച്ച് ഇന്ധനമാക്കാവുന്ന സംഭരണശേഷിയോടുകൂടിയ പ്ലാന്റിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. നഗരപരിധിയിലെ വീടുകൾ, ഹോട്ടലുകൾ, മറ്റ് വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നു പ്ലാൻറിലെത്തിക്കുന്ന ജൈവമാലിന്യം സംസ്കരിച്ച് കംപ്രസ്ഡ് നാച്യുറൽ ഗ്യാസും (സിഎൻജി) വളവുമാക്കി മാറ്റുന്ന പദ്ധതിയാണിത്.

പൂന മുനിസിപ്പൽ കോർപറേഷനിൽ ചങ്ങനാശേരി നഗരസഭാ ചെയർപേഴ്സൻ കൃഷ്ണകുമാരി രാജശേഖരൻ, വൈസ്ചെയർമാൻ മാത്യൂസ് ജോർജ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ച് പഠന റിപ്പോർട്ട് ലോകബാങ്ക് പ്രതിനിധികൾക്കു കൈമാറിയിട്ടുണ്ട്. 23.75കോടി രൂപയുടെ പദ്ധതിയാണ്. വായ്പയെടുക്കുന്നതിനായി ലോകബാങ്കിന്റെ അംഗീകാരത്തിനായി പ്രോജക്ടും സമർപ്പിച്ചിട്ടുണ്ട്. ഫാത്തിമാപുരത്ത് രണ്ടര ഏക്കർ സ്ഥലം പദ്ധതിക്കായി നഗരസഭ വിട്ടുകൊടുക്കും.

# ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങൾ ടൂറിസം മാപ്പിൽ ഇടം പിടിക്കുന്നു: മന്ത്രി

**കൊച്ചി:** ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങൾ ടൂറിസം മാപ്പിൽ ഇടം പിടിക്കുന്നുവെന്ന് വിനോദസഞ്ചാര വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ് പറഞ്ഞു. വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ടൂറിസം വകുപ്പ്, ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി ആരംഭിച്ച കോടമ്പള്ളി ചിറ ടൂറിസം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കോവിഡിനുശേഷം കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പുത്തൻ ഉണർവിലേക്ക് നയിക്കാൻ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ സാധിച്ചിട്ടുണ്ട്. ജനങ്ങളെ കേൾക്കുക എന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാനമാണ് അതിലൂടെയാണ് ഡെസ്റ്റിനേഷൻ ചാലഞ്ച് എന്ന നവീന പദ്ധതിക്ക് രൂപം കൊടുക്കാൻ സർക്കാരിന് സാധിച്ചതെന്നും മന്ത്രി പറഞ്ഞു.

പൊതു ജനങ്ങൾക്ക് ഒരുമിച്ച് ഇരിക്കാനും, കളിക്കാനും, ആശയവിനിമയം നടത്താനും സാധിക്കുന്ന ഇടങ്ങൾ സമൂഹത്തിന് ആവശ്യമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ പുതിയ ദർശനമായ വി പാർക്ക് പദ്ധതിയുടെ ഭാഗമായി കുടുംബമായി എത്തുന്നവർ, സ്ത്രികൾ എന്നിവർ അടക്കം എല്ലാവർക്കും സുരക്ഷിതമായി ഇരിക്കാൻ കഴിയുന്ന പൊതു ഇടങ്ങൾ ഒരുക്കാൻ സാധിക്കുന്നുണ്ടെന്നും മന്ത്രി സൂചിപ്പിച്ചു.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിലും സംസ്ഥാന ടൂറിസം വകുപ്പിന്റെയും, ഗ്രാമപഞ്ചായത്തിന്റെയും പങ്കാളിത്തത്തോടെ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച്. സംസ്ഥാന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ ചെലവഴിച്ചാണ് കോടമ്പള്ളി ചിറ ടൂറിസം പദ്ധതി പൂർത്തീകരിച്ചിരിക്കുന്നത്.

കേരളത്തിലെ ആയിരക്കണക്കിന് ഗ്രാമങ്ങളിലായി സ്ഥിതി ചെയ്യുന്ന, എന്നാൽ വികസനം ലഭിക്കാതെ നിൽക്കുന്ന ടൂറിസം കേന്ദ്രങ്ങളെ പുനരുജ്ജീവിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ടൂറിസം വകുപ്പ് 60% ഫണ്ടും, ശേഷിക്കുന്ന 40% തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ടും ഉപയോഗിച്ച് ഗ്രാമങ്ങളിലെ ടൂറിസം കേന്ദ്രങ്ങളെ ആധുനികമാക്കുകയാണ് ലക്ഷ്യം. ചടങ്ങിൽ എൽദോസ് കുന്നപ്പിള്ളി എംഎൽഎ അധ്യക്ഷനായി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ. എം. സലീം, ജില്ലാ പഞ്ചായത്ത് അംഗം ഷൈമി വർഗീസ്, ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ ഡെയ്സി ജെയിംസ്, ബ്ലോക്ക് പഞ്ചായത്ത് അംഗം പി. ആർ നാരായണൻ നായർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശിൽപ സുധീഷ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. സി കൃഷ്ണൻകുട്ടി, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, മുൻ എംഎൽ എ സാജു പോൾ, മുൻ ടെൽക്ക് ചെയർമാൻ എൻ സി മോഹനൻ, ജില്ലാ വിനോദസഞ്ചാരവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജി ശ്രീകുമാർ,വേങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സിബി കൊന്താലം, വിവിധ കക്ഷി രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിന്റെ ഭാഗമായി.

ഉദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ച് പെരുമ്പാവൂർ നാദസരോവരത്തിന്റെ ഗാനമേളയും അരങ്ങേറി.

# കുഴുപ്പിള്ളിക്കു മാത്രമായി 12 കോടിയോളം രൂപ ചെലവഴിച്ചു

**കൊച്ചി:** കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വികസന സദസ് കെ.എൻ ഉണ്ണിക്കൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ നാലര വർഷം കൊണ്ട് വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി 11,99,24,131 രൂപ കുഴുപ്പിള്ളിക്ക് മാത്രമായി ചെലവഴിച്ചതായി അദ്ദേഹം പറഞ്ഞു. അതേസമയം കെ.എസ്.ടി.പി, തീരദേശ റോഡ്, ബീച്ച് കോറിഡോർ തുടങ്ങി പദ്ധതികളിലെ വിഹിതം കൂടി കണക്കിലെടുത്താൽ 318 കോടി രൂപയാണ് വിനിയോഗിച്ചത്.

ആസ്തി വികസന പദ്ധതിയിൽ 4.14 കോടി, പ്രത്യേക വികസന പദ്ധതിയിൽ 46.28 ലക്ഷം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 1.35 കോടി, ബജറ്റ് പ്രൊപ്പോസൽ 69.40 ലക്ഷം, തദ്ദേശ സ്വയംഭരണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ 32 ലക്ഷം, പ്രധാന പ്രവൃത്തികൾ 5.02 കോടി എന്നിങ്ങനെയാണ് ഫണ്ട് വിനിയോഗിച്ചതെന്നും എം.എൽ.എ പറഞ്ഞു. ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിലൂടെ കൂടുതൽ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കാനാകുമെന്നും അദ്ദേഹം വ്യക്തമാക്കി. 123 പേർക്ക് കാഴ്ച ഉറപ്പാക്കുന്ന പദ്ധതി ഏറ്റവും മഹത്തായ കാര്യമായി കരുതുന്നു. തന്റേത് അവയവ ദാനത്തിനുള്ള സമർപ്പിത ജീവിതമാണെന്നും ചടങ്ങിൽ ആധ്യക്ഷം വഹിച്ച പഞ്ചായത്ത് പ്രസിഡന്റ് കെ എസ് നിബിൻ പറഞ്ഞു.

നേത്രദാനത്തിനുള്ള സമ്മതം അറിയിച്ച സാഹിത്യകാരൻ പ്രവീൺ അയ്യമ്പിള്ളി, ബാലസാഹിത്യകാരൻ എ.കെ ജോഷി, സിനി ആർട്ടിസ്റ്റ് അപ്പു ജോസ്, ഉൾപ്പെടെയുള്ളവർക്ക് എം.എൽ.എ പുരസ്കാരങ്ങൾ സമ്മാനിച്ചു.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എൻ.എം ഷാജിമോൻ വികസന റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ എം.ബി ഷൈനി, വൈസ് പ്രസിഡന്റ് കെ.എ സാജിത്ത്, അംഗങ്ങളായ ഇ.കെ ജയൻ, ശാന്തിനി പ്രസാദ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സിനി ജെയ്സൺ, അംഗങ്ങളായ എം.പി രാധാകൃഷ്ണൻ, ഷൈബി ഗോപാലകൃഷ്ണൻ, കെ.എസ് ചന്ദ്രൻ, ഒ.ബി രാഹുൽ, നിസരി സുഗേഷ്, വിപിന അനീഷ്, കുഴുപ്പിള്ളി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് സി.കെ അനന്തകൃഷ്ണൻ, സി.ഡി.എസ് അധ്യക്ഷ ലളിത രമേശൻ, പഞ്ചായത്ത് അസി. സെക്രട്ടറി ഗിരീഷ് എന്നിവർ സംസാരിച്ചു.

# സംസ്കൃത സർവ്വകലാശാലയിൽ ഫുൾടൈം പിഎച്ച്ഡി പ്രവേശനം

**കാലടി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വിവിധ പഠന വകുപ്പുകളിൽ ഫുൾടൈം പിഎച്ച്ഡി പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 25 വരെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാഫീസ് 150/. കോഴ്സുകളെല്ലാം കാലടിയിലെ മുഖ്യക്യാമ്പസിലായിരിക്കും നടത്തുക. പിഎച്ച്ഡി പ്രോഗ്രാമുകൾ, സീറ്റുകൾ എന്നിവ ചുവടെ:

സംസ്കൃതം സാഹിത്യം (4), സംസ്കൃതം വേദാന്തം (9), സംസ്കൃതം വ്യാകരണം (10), സംസ്കൃതം ന്യായം (12), സംസ്കൃതം ജനറൽ (1), ഹിന്ദി (9), ഇംഗ്ലീഷ് (4), മലയാളം (4), ഹിസ്റ്ററി (8), മ്യൂസിക് (3), കംപാരറ്റീവ് ലിറ്ററേച്ചർ (2), സോഷ്യൽ വർക്ക് (2), സോഷ്യോളജി (1), ട്രാൻസ്ലേഷൻ സ്റ്റഡീസ് (1), ഫിസിക്കൽ എഡ്യൂക്കേഷൻ (2).

നിർദിഷ്ട വിഷയത്തിൽ/ബന്ധപ്പെട്ട വിഷയങ്ങളിൽ ബി പ്ലസ് ഗ്രേഡോടെ അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ബിരുദാനന്തരബിരുദമോ തത്തുല്യയോഗ്യതയോ നേടിയവർക്ക് അപേക്ഷിക്കാം. എസ്.സി./എസ്.ടി./ഒ.ബി.സി., ഭിന്നശേഷി, ഇ.ഡബ്ല്യു. എസ്., ജി. എൻ. സി. പി. വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃതമുള്ള അഞ്ച് ശതമാനം മാർക്കിളവ് ലഭിക്കും. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിർദിഷ്ട രീതിയിൽ എം. ഫിൽ. പൂർത്തിയാക്കിയവർക്കും യു.ജി.സി. യോഗ്യത നേടിയവർക്കും പിഎച്ച്. ഡി. പ്രോഗ്രാമിന് അപേക്ഷിക്കാവുന്നതാണ്. 2024 ഒക്ടോബറിനുശേഷം യു.ജി.സി. നെറ്റ് യോഗ്യത നേടിയവരെ പൊതു പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതത് പഠന വിഭാഗങ്ങൾ നടത്തുന്ന പൊതു പ്രവേശന പരീക്ഷ / യു.ജി.സി. നെറ്റ് സ്കോർ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അതത് പഠന വിഭാഗങ്ങളിലാണ് പ്രവേശന പരീക്ഷ നടക്കുക. പ്രവേശനപരീക്ഷകൾ നവംബർ മൂന്ന് മുതൽ ആരംഭിക്കും. ഹാൾടിക്കറ്റുകൾ ഒക്ടോബർ 28 മുതൽ സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും അപേക്ഷകർക്ക് ഡൗൺലോഡ് ചെയ്യാം. ഇന്റർവ്യൂവിന് യോഗ്യത നേടിയവരുടെ ലിസ്റ്റ് നവംബർ 12ന് പ്രസിദ്ധീകരിക്കും. ഇന്റർവ്യൂവിന് യോഗ്യത നേടിയവർ തങ്ങളുടെ റിസർച്ച് പ്രപ്പോസൽ നവംബർ 17ന് മുമ്പായി അതത് വകുപ്പ് മേധാവികൾക്ക് ഇമെയിലായി അയച്ചുനല്കണം. നവംബർ 19 മുതൽ 21 വരെ അതത് പഠന വകുപ്പുകളിൽ ഇന്റർവ്യൂ നടക്കും. അംഗീകൃത സംവരണമാനദണ്ഡങ്ങൾ ബാധകമായിരിക്കും. പിഎച്ച്.ഡി. പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമ ലിസ്റ്റ് നവംബർ 25ന് സർവ്വകലാശാല പ്രസിദ്ധീകരിക്കും. ഡിസംബർ ഒന്നിന് ക്ലാസുകൾ ആരംഭിക്കും. സർവ്വകലാശാലയുടെ തീരുമാനങ്ങൾക്ക് വിധേയമായി അർഹരായവർക്ക് ഓരോ ഡിപ്പാർട്ടുമെന്റുകളിലും ഏതാനും ഫെലോഷിപ്പുകൾ ലഭ്യമാണ്. വിശദമായ വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 25. ഓൺലൈനായി അപേക്ഷിക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കും www.ssus.ac.in സന്ദർശിക്കുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്ത്രീ സുരക്ഷിത കേരളം ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ്ജ്

**തിരുവനന്തപുരം:** സ്ത്രീ സുരക്ഷിത കേരളം ലക്ഷ്യമെന്ന് ആരോഗ്യ, വനിതാശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. സുരക്ഷിത നഗരങ്ങളും സുരക്ഷിത ഗ്രാമങ്ങളുമാണ് ലക്ഷ്യമിടുന്നത്. ഗ്രാമ പ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലും ജെൻഡർ സെൻസിറ്റീവ് പ്ലാനിംഗ് നടപ്പിലാക്കും. ജെൻഡർ പാർക്ക് ഇതിന് നേതൃത്വം നൽകും. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളോട് സീറോ ടോളറൻസ് ഉള്ള സംസ്ഥാനമാകാനാണ് 2031ൽ കേരളം ലക്ഷ്യമിടുന്നത്. ഇതിനുള്ള ഊർജിതമായ നടപടികൾ വനിതാ ശിശുവികസന വകുപ്പ് സ്വീകരിച്ചു വരുന്നതായും മന്ത്രി പറഞ്ഞു. സംസ്ഥാന വനിതാ ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരൂർ ബിയാൻകോ കാസിൽ ഹാളിൽ നടന്ന സംസ്ഥാന തല സെമിനാറിൽ വിഷൻ 2031 ദർശനരേഖ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഗാർഹിക അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് തൊഴിലുറപ്പാക്കാനുള്ള പദ്ധതി ആവിഷ്കരിക്കും. വിജ്ഞാന കേരളവുമായി സഹകരിച്ച് നൈപുണിക പരിശീലനവും അതോടൊപ്പം ഉപജീവനം ഉറപ്പാക്കാനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. അതിക്രമങ്ങൾക്കിരയാകുന്നവരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഗാർഹിക പീഡനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് 77 സർവീസ് പ്രൊവൈഡർമാരെ കൂടി നിയോഗിച്ചിട്ടുണ്ട്. എൻ.ജി.ഒകളെ കൂടി ഇതിന്റെ ഭാഗമാക്കി. ആഭ്യന്തര വകുപ്പ് എല്ലാ ജില്ലകളിലും വനിതാ പൊലീസ് സ്റ്റേഷൻ തുടങ്ങുകയും പൊലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 11 ശതമാനത്തിലേക്ക് ഉയർത്തുകയും ചെയ്തു. അത് 50 ശതമാനത്തിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയൽ നിയമ പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും ആഭ്യന്തര സമിതികൾ രൂപീകരിച്ചു. 2026 ഓടെ എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ ഉറപ്പാക്കും. സ്ത്രീധന നിരോധന നിയമം പ്രകാരമുള്ള നടപടികൾക്ക് റീജ്യനൽ ഓഫീസുകൾക്ക് പകരം ജില്ലാതലങ്ങളിൽ സംവിധാനം ഉണ്ടാക്കി. സ്ത്രീധനത്തിനെതിരെ കേരളത്തിന്റെ ജാഗ്രതയോടെയുള്ള പൊതുബോധം ശക്തമായ നിലപാടുകളെടുക്കണമെന്ന് മന്ത്രി പറഞ്ഞു.

തൊഴിലിടങ്ങളിൽ സ്ത്രീ പ്രാതിനിധ്യം വർധിപ്പിക്കാൻ വിഷൻ 2031 ന്റെ ഭാഗമായി നടപടികളെടുക്കും. ഉന്നത വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളാണ് കൂടുതലെങ്കിലും തൊഴിൽ രംഗത്ത് ഈ പ്രാതിനിധ്യം കാണുന്നില്ല. ഇതിൽ മാറ്റം വേണം. ഇതിനായി സ്ത്രീകൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കൽ, തൊഴിലിടങ്ങളിൽ ക്രഷുകൾ പ്രൊമോട്ട് ചെയ്യൽ, സ്ത്രീകൾക്ക് വിവിധ തലങ്ങളിൽ തൊഴിൽ പരിശീലനം തുടങ്ങിയവ ലക്ഷ്യമിടുന്നു. 2031 നകം എല്ലാ തൊഴിലിടങ്ങളിലും കുഞ്ഞുങ്ങൾക്കായുള്ള ക്രഷുകൾ ഉണ്ടാക്കാൻ പുതിയ ക്രഷ് നയം രൂപീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.

സ്ത്രീകളുടെ മാനസിക ശാരീരിക ആരോഗ്യ സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ, ദുരന്ത മുഖത്ത് സ്ത്രീകളെ സജ്ജരാക്കുന്നതിന് ദുരന്ത നിവാരണ വകുപ്പുമായി സഹകരിച്ച് പരിശീലനം, എല്ലാ സ്കൂളുകളിലും ധീര സ്വയം പ്രതിരോധ സംവിധാനം, കുട്ടികളുടെ മാനസിക ശാരീരിക വളർച്ചയ്ക്കായുള്ള നടപടികൾ, കുട്ടി സൗഹൃദ വീടുകൾ, പാരന്റിംഗ് ക്ലിനിക്കുകൾ, സ്കൂൾ കൗൺസിലേഴ്സ് ശാക്തീകരണം തുടങ്ങിയ പദ്ധതികളും വിഷൻ 2031 ന്റെ ഭാഗമായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായി മന്ത്രി പറഞ്ഞു.

വനിതാ ശാക്തീകരണം തൊഴിൽ പ്രാതിനിധ്യം എന്ന വിഷയത്തിൽ വനിത വികസന കോർപറേഷൻ ചെയർപേഴ്സൺ റോസക്കുട്ടി, സ്ത്രീ സൗഹൃദ കേരളം എന്ന വിഷയത്തിൽ വനിതാ കമ്മീഷൻ അധ്യക്ഷ പി. സതീദേവി, ബാല സുരക്ഷിത കേരളം എന്ന വിഷയത്തിൽ ബാലഗോപാൽ ഐഎഎസ് (റിട്ട), ശിശുവികസനം കേരള മാതൃക 2031 എന്ന വിഷയത്തിൽ മുൻ പ്ലാനിംഗ് ബോർഡ് അംഗം മൃദുൽ ഈപ്പൻ എന്നിവർ മോഡറേറ്ററായി ചർച്ചകൾ നടന്നു.

# സിയാലിൽ ഓപ്പറേഷൻസ് കേന്ദ്രം തുറന്ന് എമിറേറ്റ്സ് സ്കൈ കാർഗോ

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എമിറേറ്റ്സ് സ്കൈ കാർഗോയുടെ ഓപ്പറേഷൻസ് കേന്ദ്രം തുറന്നു. കൊച്ചിയിൽ നിന്നുള്ള അന്താരാഷ്ട്ര ചരക്കു നീക്കത്തിന് എമിറേറ്റ്സ് ഓഫീസ് പുത്തൻ ഉണർവാകും. മധ്യേഷ്യയിലേക്കും യൂറോപ്പിലേക്കുമുള്ള ചരക്ക് നീക്കം കൂടുതൽ ശക്തിപ്പെടുത്താൻ എമിറേറ്റ്സ് സ്കൈ കാർഗോയുടെ സാന്നിധ്യം സഹായിക്കും. കൊച്ചിയെ ഒരു കാർഗോ ഹബ്ബായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണിത്.

ഇതോടൊപ്പം അന്താരാഷ്ട്ര കൊറിയർ സർവീസുകൾ, കൂടുതൽ ഫ്രൈറ്റ് ഫോർവേഡേഴ്സ് എന്നിവർ പ്രവർത്തനം തുടങ്ങാനും പദ്ധതിയിടുന്നു. തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ നിന്നുമുള്ള വസ്ത്ര കയറ്റുമതിയുടെ ഒരു കേന്ദ്രമായി സിയാലിനെ മാറ്റുന്നത് സംബന്ധിച്ച് സിയാലും എമിറേറ്റ്സ് സ്കൈ കാർഗോയും ചർച്ച ചെയ്തു. ചരക്ക് വ്യാപാര സൗകര്യങ്ങൾ വർധിപ്പിക്കുക, കാർഗോയുടെ അളവ് വർദ്ധിപ്പിക്കുക, മേഖലയിലെ സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ സഹകരണത്തിന്റെ ലക്ഷ്യം.

സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ്, എമിറേറ്റ്സ് സ്കൈ കാർഗോ മാനേജർ അമീർ അൽ സറൂനി എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. എമിറേറ്റ്സ് സ്കൈ കാർഗോ ഓപ്പറേഷൻസ് ലീഡ് ഹസ്സൻ അബ്ദുള്ള, സിയാൽ കാർഗോ വിഭാഗം മേധാവി സതീഷ് കുമാർ പൈ, കൊമേർഷ്യൽ വിഭാഗം മേധാവി മനോജ് പി. ജോസഫ്, കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ഇ. വികാസ്, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# വിഴിഞ്ഞം തുറമുഖ വികസനം കയറ്റുമതിസാധ്യത മെച്ചപ്പെടുത്തും: മന്ത്രി കെ. എൻ ബാലഗോപാൽ

**കൊല്ലം:** വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം കേരളത്തിലെ കയറ്റുമതി മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ധനകാര്യവകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ. കരീപ്ര ഗ്രാമപഞ്ചായത്തിലെ വികസനസദസ് സോപാനം ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബാലഗോപാൽ.



നബാർഡിന്റെ അഞ്ചരക്കോടി രൂപ ഉപയോഗിച്ച് നിർമിച്ച കരീപ്ര പഞ്ചായത്തിലെ നെടുമൺകാവിലുള്ള വ്യാപാരസമുച്ചയവും മത്സ്യമാർക്കറ്റും ജംഗ്ഷന്റെ മുഖച്ഛായ മാറ്റി. കുഴിമതിക്കാട് സ്കൂളിലെ മിനിസ്റ്റേഡിയം നാടിന് സമർപ്പിച്ചു. വെളിയത്ത് മൈതാനത്തിന്റെ ഉദ്ഘാടനം ഉടൻ നടക്കും. റോഡും സ്കൂളും ആശുപത്രികളും പാലങ്ങളുമായി പശ്ചാത്തലസൗകര്യങ്ങൾ അനുദിനം വർധിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.എസ് സുവിധ അധ്യക്ഷയായി. വിവര പൊതുജന സമ്പർക്ക വകുപ്പ് തയ്യാറാക്കിയ സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങളുടെ വീഡിയോ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എൽ.വി റാണി അവതരിപ്പിച്ചു. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സജി ജോൺ റിപ്പോർട്ട് അവതരിപ്പിച്ചു. വികസനരേഖ കരീപ്ര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.ഉദയകുമാറിന് നൽകി മന്ത്രി പ്രകാശനം ചെയ്തു.

കരീപ്ര പഞ്ചായത്തിലെ എല്ലാവാർഡുകളിലും സൗജന്യമായി രക്തം പരിശോധിക്കുന്ന മൊബൈൽ മെഡിക്കൽ ലാബ്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹരിതകർമ സേനാംഗങ്ങൾക്കായി കാറ്ററിംഗ് യൂണിറ്റ്, വനിതകൾക്ക് തയ്യൽപരിശീലനത്തോടൊപ്പം ഉപകരണങ്ങൾനൽകുന്ന പദ്ധതികൾ നടപ്പാക്കി. ഭിന്നശേഷി വിഭാഗക്കാർ, വയോജനങ്ങൾ എന്നിവർക്കായി കലാമേള നടത്തി. മുതിർന്ന പൗരർക്കായി പകൽവീട് പ്രവർത്തിക്കുന്നു. മാലിന്യമുക്ത നവ കേരളം പദ്ധതിയിലുൾപ്പെടുത്തി മാലിന്യംനിക്ഷേപിക്കുന്ന സ്ഥലങ്ങൾകണ്ടെത്തി നിരീക്ഷിക്കുന്നതിന് ക്യാമറകൾ സ്ഥാപിച്ചു. സമഗ്ര കൊട്ടാരക്കര പദ്ധതിയുടെ ഭാഗമായി 2000 തെങ്ങിൻതൈകൾ നട്ടു.

പാലിയേറ്റീവ്കെയർ പദ്ധതിയിലൂടെ കിടപ്പുരോഗികൾക്ക് മരുന്നുകൾ, വീൽചെയർ, നാപ്കിൻ, ബെഡ്, ഡോക്ടറുടെ സേവനം എന്നിവ നൽകുന്നതിന് പ്രതിവർഷം 18 ലക്ഷം രൂപയാണ് വകയിരുത്തുന്നത്. കർഷകർക്ക് ആവശ്യമായ കാർഷികയന്ത്ര സാമഗ്രികൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുന്ന പദ്ധതിയായ കൃഷിശ്രീ കരീപ്ര പഞ്ചായത്തിലെ മടന്തകോട് വാർഡിൽ നടപ്പാക്കി. കാർബൺ രഹിത പഞ്ചായത്ത് ലക്ഷ്യത്തിനായി വർധിപ്പിക്കുന്ന സൈക്കിൾ പാർക്ക് പദ്ധതി വലിയ മുന്നേറ്റമുണ്ടാക്കി. ലൈഫ് ഭവന പദ്ധതി വഴി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഭൂമിവാങ്ങാനും വീട്നിർമിക്കാനും 9.39 കോടി രൂപയാണ് വിനിയോഗിച്ചത്. അതിദാരിദ്ര്യവിഭാഗത്തിൽ ഉൾപ്പെട്ട മൂന്ന് പേർക്ക് ഭവനനിർമാണത്തിന് ധനസഹായം നൽകി. 27 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് വികസനസദസിൽ അവതരിപ്പിച്ചത്.

മാതൃകാ അധ്യാപകനുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ ബി. ഷൈജിത്ത്, കരീപ്ര ആയുർവേദ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ഡോ. ധന്യ ആർ. ദേവ്, അംഗനവാടിക്ക് ഭൂമി വിട്ടുനൽകിയവർ, ഹരിതകർമ സേനാംഗങ്ങൾ എന്നിവരെ ആദരിച്ചു.

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ. അഭിലാഷ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ജയശ്രീ വാസുദേവൻപിള്ള, പ്രിജി ശശിധരൻ, ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ എം. തങ്കപ്പൻ, ബ്ലോക്ക്പഞ്ചായത്ത് അംഗം എം. ശിവപ്രസാദ്, ടി.എസ് ഓമനക്കുട്ടൻ, ആർ. ഗീതാകുമാരി, അംഗങ്ങളായ പി.എസ് പ്രശോഭ, എസ്. ഓമനക്കുട്ടൻപിള്ള, സന്തോഷ് സാമുവൽ, പി.ഷീജ, പി.കെ അനിൽകുമാർ, വൈ.റോയി, ആർ. സുനിതകുമാരി, സി.ജി തിലകൻ, സിന്ധു ഓമനക്കുട്ടൻ, എം ഐ റെയ്ച്ചൽ തുടങ്ങിയവർ പങ്കെടുത്തു.

# കൈത്തറി മേഖലയിൽ വലിയ മാറ്റത്തിന്റെ തുടക്കം: മന്ത്രി

**കണ്ണൂർ:** കൈത്തറി മേഖലയിൽ വലിയ മാറ്റത്തിന്റെ തുടക്കമാകാൻ കൈത്തറി കോൺക്ലേവിന് സാധിക്കുമെന്ന് നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. സംസ്ഥാന കൈത്തറി കോൺക്ലേവ് കണ്ണൂർ റബ്കോ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കൈത്തറി മേഖലയിൽ രണ്ടു മാസത്തെ കൂലി ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു. 2031ൽ കൈത്തറി മേഖല എങ്ങനെയാവണം എന്ന് തീരുമാനിക്കാനാണ് ഇപ്പോൾ കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കൈത്തറി, കയർ, കശുവണ്ടി മേഖലകളുടെ സമഗ്ര ഉന്നമനത്തിനായി സർക്കാർ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. വെല്ലുവിളികൾ നേരിട്ട് എങ്ങനെ മുന്നോട്ടു പോകാമെന്നാണ് സമിതി പഠിക്കുന്നത്. വിദഗ്ധസമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി വൈവിധ്യവത്കരണം നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് ആകെ 539 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 159 എണ്ണവും ലാഭത്തിലാണുള്ളത്. 13500 ആണ് ആകെയുള്ള തൊഴിലാളികൾ. ഇതുവരെ 656.5 4 കോടി രൂപ ഈ മേഖലയിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ തൊഴിലാളികളുടെ കൂലി മാത്രം 397.19 കോടിയാണ്. ഈ സർക്കാർ വന്നതിനുശേഷം മാത്രം 220 കോടി കൂലിയിനത്തിൽ നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഡിജിറ്റൽ മാർക്കറ്റിംഗ്, ആധുനിക രൂപത്കരണം, ഉത്തരവാദിത്ത ഉപഭോഗം ഉൾപ്പെടെ കോൺക്ലേവിലെ അഭിപ്രായങ്ങളും കൂടി പരിഗണിച്ച് ഒരു സ്കീം കൊണ്ടുവരാൻ സംസ്ഥാന കൈത്തറി കോൺക്ലേവ് കഴിയുമെന്നും മന്ത്രി പറഞ്ഞു.

മുഖ്യമന്ത്രിയുടെ തന്നെ പ്രവർത്തന അനുഭവങ്ങളെ ഉൾപ്പെടുത്തി കൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. കേരളത്തിലെ സ്കൂൾ യൂണിഫോം പദ്ധതി ഇപ്പോൾ ലോകത്തിന് മാതൃകയാണ്. പഠന സമിതിയുടെ ശുപാർശയുടെ കൂടി അടിസ്ഥാനത്തിൽ കേരള കൈത്തെറിയുടെ കെ ബ്രാൻഡ് ഇറക്കി. സ്വകാര്യ കൈത്തറി സ്ഥാപനങ്ങൾക്കും കൂടി ഈ ബ്രാൻഡ് നൽകാൻ കഴിയും. നവീകരണത്തിലൂടെ കേരള കൈത്തറി കെ ബ്രാൻഡ് ലോകത്തിനു മുമ്പിൽ വലിയൊരു ബ്രാൻഡായി മാറുമെന്നും മന്ത്രി പറഞ്ഞു.

കെ.വി സുമേഷ് എംഎൽഎ അധ്യക്ഷനായി. എം എൽ എമാരായ കെ.കെ ശൈലജ, എം വിജിൻ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, ഇൻഡസ്ട്രീസ് ആൻഡ് കയർ വികസന ഡയറക്ടർ ആനി ജൂല തോമസ്, കൈത്തറി വസ്ത്ര ഡയറക്ടർ ഡോ. കെ.എസ് കൃപകുമാർ, സംഘാടകസമിതി ചെയർമാൻ ടി.കെ ഗോവിന്ദൻ, പത്മശ്രീ ജേതാവ് പി ഗോപിനാഥൻ, കൈത്തറി കയറ്റുമതിക്കാർ, കൈത്തറി സഹകരണ സംഘം പ്രതിനിധികൾ, തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.



# ഐസിഎആർ ദേശീയതല ശിൽപ്പശാല സമാപിച്ചു

**കൊച്ചി:** ഐസിഎആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി സംഘടിപ്പിച്ച ദേശീയ തല ശിൽപ്പശാലക്ക് സമാപനം. ലിവറേജിങ് അഡ്വാൻസ്ഡ് കംപ്യൂട്ടേഷണൽ സോഫ്റ്റ് വെയർ ഫോർ ഡേറ്റ അനാലിസിസ് എന്ന വിഷയത്തിൽ ആണ് അഞ്ച് ദിവസത്തെ ദേശീയ തല പരിശീലന പരിപാടി സംഘടിപ്പിച്ചത്. ഐസിഎആർ സിഐഎഫ്ടി ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ സമാപന ചടങ്ങിൽ അധ്യക്ഷത വഹിച്ച് പരിപാടിയിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. മത്സ്യബന്ധന ഗവേഷണം മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഡിജിറ്റൽ നൈപുണ്യ വികസനവും കമ്പ്യൂട്ടേഷണൽ പ്രാവീണ്യവും അതി പ്രധാനമാണെന്ന് ഡോ. ജോർജ്ജ് നൈനാൻ വ്യക്തമാക്കി. ഡീപ് ലേണിംഗ്, മെഷീൻ വിഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ മത്സ്യബന്ധന ശാസ്ത്രത്തെ എങ്ങനെ പരിവർത്തനം ചെയ്യുന്നുവെന്നും, ഓട്ടോമേഷനും ഇന്റലിജന്റ് ഡാറ്റാധിഷ്ഠിത പരിഹാരങ്ങളും എങ്ങനെ പ്രാപ്തമാക്കാമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയിൽ നിന്നുള്ള 17 ഗവേഷകന്മാർ പരിശീലനത്തിൽ പങ്കെടുത്തു. ആർ, പൈത്തൺ പോലുള്ള നൂതന വിശകലന ഉപകരണങ്ങളിലേക്കും ഫിഷറീസ് ഡാറ്റ മാനേജ്മെന്റ്, വിഷ്വലൈസേഷൻ, മോഡലിംഗ് എന്നിവയുടെ പ്രയോഗങ്ങളിലേക്കും, പരിശീലനത്തിലൂടെ അവർ പ്രായോഗിക പരിചയം നേടി. പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. വി. ഗീതാലക്ഷ്മി, ഡോ. സജീവ് എം.വി എന്നിവർ ചേർന്നാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.



# ഓപ്പൺ പാർക്കും ജിംനേഷ്യവും ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ചേരാനല്ലൂർ വിഷ്ണുപുരത്ത് ടി ജെ വിനോദ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടും ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയും സംയോജിപ്പിച്ച് നവീകരിച്ച കണ്ണംകുളവും അനുബന്ധമായി നിർമ്മിച്ച പൊതുജനങ്ങൾക്ക് സായാഹ്നങ്ങൾ ഉല്ലാസപരമായി ചെലവഴിക്കാൻ സാധിക്കുന്ന ഓപ്പൺ പാർക്കും ആരോഗ്യസംരക്ഷണത്തിനു ഓപ്പൺ ജിംനേഷ്യവും നാടകങ്ങൾ ഉൾപ്പടെ അരങ്ങിലേക്ക് എത്തിക്കാൻ സാധിക്കുന്ന തരത്തിൽ നിർമ്മിച്ചിരിക്കുന്ന ഗ്രീൻറൂമുൾപ്പടെയുള്ള ഓപ്പൺ സ്റ്റേജും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നാടിനു സമർപ്പിച്ചു. മുൻപ് ശുദ്ധജല സ്രോതസ്സായി ഉപയോഗിച്ചിരുന്ന കണ്ണംകുളം പിന്നീട് മാലിന്യ കൂമ്പാരമായി ചെളിയും കാടും പടലവും കേറി മലീമസമായി മാറുകയായിരുന്നു. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പ് കുളം നവീകരിക്കുകയും പടവുകൾ കെട്ടുകയും ചെയ്തു. പിന്നീട് ടി.ജെ വിനോദ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 90 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് അനുമബന്ധമായുള്ള സ്റ്റേജും പാർക്കും ജിംനേഷ്യവും ഉൾപ്പടെയുള്ള സൗകര്യങ്ങളും നിർമ്മിച്ചു. സാധ്യമായ രീതിയിൽ എല്ലാ സൗകര്യങ്ങളോടും കൂടെ സ്ഥാപിച്ചിരിക്കുന്ന ഈ പൊതുഇടം ഇത്രെയും മനോഹരമായി തന്നെ ഭാവിയിലേക്കും നിലനിർത്തണമെന്നും അതിനുകൂട്ടായ പരിശ്രമങ്ങളാണ് വേണ്ടതെന്നും വി.ഡി സതീശൻ പറഞ്ഞു. ടി.ജെ വിനോദ് എം.എൽ.എ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഹൈബി ഈഡൻ എം.പി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേഷ്, ആരിഫ മുഹമ്മദ്, ഷിമ്മി ഫ്രാൻസിസ്, സ്റ്റെൻസ്ലാവോസ്, ഷീബ കെ പി, ലിസ്സി വാരിയത്ത്, രാജു അഴിക്കകത്ത്, സ്മിത സ്റ്റാൻഡ്‌ലി, ക്ഷേത്ര ഊരളന്മാരായ ബ്രഹ്മശ്രീ കവിയപ്പിള്ളി നാരായണൻ നമ്പൂതിരിപ്പാട്, ബ്രഹ്മശ്രീ ഹരി നമ്പൂതിരി, വാർഡ് മെമ്പർമാരായ രമ്യ തങ്കച്ചൻ, റിനി ഷോബി, ബെന്നി ഫ്രാൻസിസ്, അൻസാർ, ശശി വി.കെ, മരിയ ലില്ലി, വിൻസി ഡെറിസ്, ടി.ആർ ഭരതൻ, മിനി വർഗീസ്, ഷൈമോൾ ജെംസൺ, പി.കെ ഷീജ, ചലച്ചിത്ര പിന്നണി ഗാനരചയിതാവ് ചിറ്റൂർ ഗോപി, കൊച്ചിൻ മൻസൂർ, ബൈജു ജോസ്, കെ.പി അജയൻ, കെ.കെ സുരേഷ്ബാബു, ദേവസ്വം ഓഫീസർ അമൽ കെ വിശ്വനാഥ്, പഞ്ചായത്ത് സെക്രട്ടറി എം.വി ഗായത്രി തുടങ്ങിയവർ പ്രസംഗിച്ചു.




# നായരമ്പലത്ത് സി.ബി.സി ബോധവൽക്കരണ പരിപാടിക്ക് തുടക്കം

**കൊച്ചി:** കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ ജനക്ഷേമ പദ്ധതികളെക്കുറിച്ച് താഴേതട്ടിലുള്ള ജനങ്ങൾക്കിടയിൽ കൂടുതൽ ബോധവൽക്കരണം നടത്തേണ്ടതുണ്ടെന്ന് വൈപ്പിൻ എംഎൽഎ കെ എൻ ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു. സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം യൂണിറ്റ് സംയോജിത ശിശു വികസന വകുപ്പിന്റെ വൈപ്പിൻ പ്രോജക്റ്റുമായി ചേർന്ന് നായരമ്പലം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച രണ്ട് ദിവസത്തെ സംയോജിത ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പോഷകാഹാരം, ആരോഗ്യം എന്നീ മേഖലകളിൽ സ്തുത്യർഹമായ സേവനമാണ് ഐ.സി.ഡി.എസ് ജീവനക്കാർ ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു.

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. നായരമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നീതു ബിനോദ്, ഞാറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി രാജു കോലഞ്ചേരി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമണി അജയൻ, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. എ സാജിദ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ ഇ.കെ ജയൻ, ജില്ലാ ലീഡ് ബാങ്ക് മാനേജർ സി. അജിലേഷ് , സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം ഫീൽഡ് പബ്ലിസിറ്റി ഓഫീസർ അബ്ദു മനാഫ്, സിബിസി ഉദ്യോഗസ്ഥ ഹൻസ ഹനീഫ്, ഐ.സി.ഡി.എസ് വൈപ്പിൻ ബ്ലോക്ക് സി.ഡി.പി.ഒ സീന ഉത്തമൻ, സൂപ്പർവൈസർ പി വി വിനീത എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# സൗജന്യ സോഫ്റ്റ് സ്കിൽ പരിശീലന ക്ലാസ്സ്

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ, എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്കായി സൗജന്യ സോഫ്റ്റ് സ്കിൽ പരിശീലന ക്ലാസ്സ് ഒക്ടോബർ 21, 22, 23 ദിവസങ്ങളിലായി സാന്റോ ഗോപാലൻ എ.ഡി.എസ് ഹാളിൽ (പനയപിള്ളി എട്ടാം ഡിവിഷൻ, സാന്റോ ഗോപാലൻ റോഡ്, കൊച്ചി2, ചുള്ളിക്കലിൽ) സംഘടിപ്പിക്കുന്നു. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിശീലന പരിപാടികളിൽ ആണ് പരീശീലനം നൽകുന്നത്. എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗാർത്ഥികൾക്ക് 300 രൂപ രജിസ്ട്രേഷൻ ഫീ അടച്ച് ആജീവനാന്ത ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്തതിനു ശേഷം പങ്കെടുക്കാവുന്നതാണ് . താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ സാന്റോ ഗോപാലൻ എ.ഡി.എസ് ഹാൾ, പനയപിള്ളി എട്ടാം ഡിവിഷൻ, സാന്റോ ഗോപാലൻ റോഡ്, കൊച്ചി2, ചുള്ളിക്കലിൽ 21/10/2025 ന് രാവിലെ 10.30 മണിക്ക് എത്തിച്ചേരുക. വിശദവിവരങ്ങൾക്കായി ബന്ധപെടുക: 6282442046, 9446926836, 04842422452.

## ലേലം

**കൊച്ചി:** മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഉപയോഗശൂന്യമായതും നശിച്ചു പോകാത്തതുമായ ഉപകരണങ്ങൾ/സാധന സാമഗ്രികൾ ലേലം ചെയ്യുന്നതിനായി താത്പര്യമുള്ള കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. മുദ്രവച്ച ക്വട്ടേഷനുകൾ നവംബർ നാലിന് രാവിലെ 11 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842224511.

## ടെൻഡർ/ലേലം

**കൊച്ചി:** വിശാല കൊച്ചി വികസന അതോറിറ്റി വക കസ്തൂർബാ നഗർ ഫുഡ് സ്ട്രീറ്റിലെ ബങ്കുകൾ ഒക്ടോബർ 23 ന് ടെണ്ടർ/ലേലം മുഖേന വാടകയ്ക്ക് നൽകുന്നു. താത്പര്യമുള്ളവർ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം നിർദ്ദിഷ്ട അപേക്ഷ ഫോറത്തിൽ ഒരു ചതുരശ്ര അടി സ്ഥലത്തിന് വാഗ്ദാനം ചെയ്യുന്ന വാടക രേഖപ്പെടുത്തിയ ടെണ്ടർ മുദ്രവെച്ച കവറുകളിൽ ഒക്ടോബർ 23ന് ഉച്ചയ്ക്ക് ഒന്നു വരെ ജിസിഡിഎ ഓഫീസിൽ എസ്റ്റേറ്റ് വകുപ്പിൽ സമർപ്പിക്കണം. ടെണ്ടർ ഫോറം നൽകുന്ന അവസാന തീയതി ഒക്ടോബർ 23. ഉച്ചയ്ക്ക് 12.00 വരെയാണ്. ടെൻഡർ ഫോറത്തിന്റെ വില 590/ രൂപ. നിരതദ്രവ്യ തുക 50,000/ രൂപയുടെ സെക്രട്ടറി, ജിസിഡിഎ കൊച്ചി പേരിൽ ഡി.ഡി. ആയി അപേക്ഷാഫോറത്തോടൊപ്പം സമർപ്പിക്കണം. അന്നേ ദിവസം രാവിലെ ഒമ്പതിന് ആരംഭിക്കുന്ന ഇന്റർവ്യൂവിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അന്നേ ദിവസം പകൽ മൂന്നിന് ജിസിഡിഎ ഓഫീസിൽ പരസ്യലേലം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 2204261, 2203378.

# സൗത്ത് ഇന്ത്യൻ ബാങ്കിന് 351 കോടി രൂപയുടെ റെക്കോഡ് അറ്റാദായം

**കൊച്ചി:** 2025-26 സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ 351.36 കോടി രൂപയുടെ റെക്കോഡ് അറ്റാദായം രേഖപ്പെടുത്തി സൗത്ത് ഇന്ത്യൻ ബാങ്ക്. മുൻ വർഷത്തെ സമാന പാദത്തെ അപേക്ഷിച്ച് 8 ശതമാനമാണ് വർധനവ്. മുൻവർഷം ഇത് 324.69 കോടി രൂപയായിരുന്നു. ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തികൾ മുൻ വർഷത്തെ 4.40 ശതമാനത്തിൽ നിന്നും 147 പോയിന്റുകൾ കുറച്ച് 2.93 ശതമാനമാനത്തിലെത്തിച്ചു. അറ്റ നിഷ്ക്രിയ ആസ്തി 75 പോയിന്റുകൾ കുറച്ച് 1.31 ശതമാനത്തിൽ നിന്നും 0.56 ശതമാനമാനത്തിലെത്തിക്കാനും ബാങ്കിനു കഴിഞ്ഞുവെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു. പലിശ ഇതര വരുമാനം 26 ശതമാനം വാർഷിക വളർച്ചയോടെ 515.73 കോടി രൂപയിലെത്തി. എഴുതിത്തള്ളലിനു പുറമെയുള്ള കിട്ടാകടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം 1005 പോയിന്റുകൾ വർധിച്ച് 81.29 ശതമാനവും, എഴുതിത്തള്ളൽ ഉൾപ്പെടുത്തിയുള്ള കിട്ടാകടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം 952 പോയിന്റുകൾ വർധിച്ച് 90.25 ശതമാനവുമായി. ആസ്തി വരുമാന അനുപാതത്തിൽ 1 ശതമാനത്തിന് മുകളിലുള്ള വളർച്ചയാണുള്ളത്. പുതിയ നിഷ്ക്രിയ ആസ്തികളുടെ നിരക്കിനെ സൂചിപ്പിക്കുന്ന സ്ലിപ്പേജ് അനുപാതം 15 പോയിന്റുകൾ കുറച്ച് 0.21 ശതമാനത്തിലെത്തിക്കാനും കഴിഞ്ഞു. റീട്ടെയ്ൽ നിക്ഷേപങ്ങൾ 11 ശതമാനം വളർച്ചയോടെ 1,12,625 കോടി രൂപയിലെത്തി. പ്രവാസി (എൻ.ആർ.ഐ) നിക്ഷേപം 9 ശതമാനം വർധിച്ച് 33,195 കോടി രൂപയിലെത്തി. മുൻ വർഷം ഈ കാലയളവിൽ 30,488 കോടി രൂപയായിരുന്നു. കാസ നിക്ഷേപം 10 ശതമാനം വാർഷിക വളർച്ച നേടി (കറണ്ട് അക്കൗണ്ട് 11%, സേവിങ്സ് അക്കൗണ്ട് 10%). മൊത്ത വായ്പാ വിതരണം 9 ശതമാനം വളർച്ച കൈവരിച്ച് 84,714 കോടി രൂപയിൽ നിന്നും 92,286 കോടി രൂപയായി.

കോർപറേറ്റ് വിഭാഗം 9 ശതമാനം വാർഷിക വളർച്ചയോടെ 33,961 കോടി രൂപയിൽ നിന്നും 37,008 കോടി രൂപയിലെത്തി. എ അല്ലെങ്കിൽ അതിനു മുകളിൽ റേറ്റിംഗ് ഉള്ള കോർപ്പറേറ്റ് വായ്പാ വിതരണം 3,825 കോടി രൂപ വർദ്ധിച്ച് 20,679 കോടിയിൽ നിന്നും 24,503 കോടി രൂപയിലെത്തി. ബിസിനസ് വായ്പകൾ 4 ശതമാനം വളർച്ചയോടെ 13,424 കോടി രൂപയായി. സ്വർണ വായ്പകൾ 16,609 കോടി രൂപയിൽ നിന്ന് 18,845 കോടി രൂപയായി. 13 ശതമാനമാണ് വാർഷിക വളർച്ച. ഭവനവായ്പ 25 ശതമാനം വാർഷിക വളർച്ചയോടെ 8,849 കോടി രൂപയിലെത്തി. വാഹന വായ്പ 25 ശതമാനം വാർഷിക വളർച്ചയോടെ 2,288 കോടി രൂപയിലെത്തി.

# നേട്ടം സ്വന്തമാക്കി ടാറ്റ പഞ്ച്

**മുംബൈ:** ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് (ടിഎംപിവി) 2025 സെപ്റ്റംബറിൽ ഇന്ത്യയിലെ രണ്ടാമത്തെ ഏറ്റവും വലിയ പാസഞ്ചർ വാഹന നിർമാതാക്കളെന്ന നേട്ടം സ്വന്തമാക്കി. സെപ്റ്റംബറിൽ ഇന്ത്യയിലെ ടോപ്പ് 5 ബെസ്റ്റ് സെല്ലിംഗ് കാറുകളിൽ ഒന്നായി ടാറ്റാ പഞ്ച് മാറി. പെട്രോൾ, സിഎൻജി, ഇലക്ട്രിക് വേരിയന്റുകളിൽ ലഭ്യമായ പഞ്ച്, കോംപാക്ട് ഫൂട്ട്പ്രിന്റിൽ നോ കോംപ്രമൈസ് എസ്‌യുവി ആണ്. ക്ലാസ് ലീഡിംഗ് ഫീച്ചറുകളോടെ, എസ്‌യുവിയിലേക്ക് അപ്ഗ്രേഡ് ചെയ്യുന്ന ഉപഭോക്താക്കളുടെ പ്രിയപ്പെട്ട വാഹനമായി ഇത് മാറി. രാജ്യത്ത് ആദ്യമായി കാർ വാങ്ങുന്നവരിൽ 69 ശതമാനവും തിരഞ്ഞെടുക്കുന്നത് പാഞ്ചാണ് എന്നതാണ് യാഥാർഥ്യമെന്ന് ടാറ്റാ അധികൃതർ വ്യക്തമാക്കി.കേരളത്തിൽ സെപ്റ്റംബർ വരെ ടിഎംപിവിയുടെ മൊത്തം വിൽപ്പനയുടെ 37 ശതമാനം പഞ്ച് സംഭാവന ചെയ്തു, തൃശൂരിൽ മാത്രം വിൽപ്പന രണ്ടിരട്ടി വർധിച്ചു.




ബോൾഡ്, സ്പോർട്ടി, യൂത്ത്ഫുൾ ഡിസൈനോടെ, ടെക്ഫോർവേഡ് ഫീച്ചറുകളും സെഗ്മെന്റ്ബെസ്റ്റ് സേഫ്റ്റിയും (ഐസിഇ വേരിയന്റിന് ജിഎൻകാപ് 5 സ്റ്റാർ, ഇവിക്ക് ബിഎൻകാപ്, ജിഎൻകാപ് 5 സ്റ്റാർ) പഞ്ച് അസാധാരണ മൂല്യം നൽകുന്നു.

ഏറ്റവും പുതിയ ജിഎസ്ടി പരിഷ്കാരങ്ങൾ ഇതിനെ കൂടുതൽ ആകർഷകമാക്കി. 2025 നവരാത്രിയിൽ ടിഎംപിവിയുടെ ദേശീയ വിൽപ്പനയുടെ 33 ശതമാനം പഞ്ച് തന്നെയായിരുന്നു.

ഇതിലൂടെ രാജ്യത്തെ ഏറ്റവും വിശ്വസ്തവും ആകാംക്ഷയുളവാക്കുന്നതുമായ വാഹനമായി പഞ്ച് മാറി.

# മാസ്റ്റർകാർഡുമായി ആഗോള പങ്കാളിത്തം ഉറപ്പാക്കി കെ.എസ്.യു.എം സ്റ്റാർട്ടപ്പ് ഷോപ്പ്ഡോക്

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെ.എസ്.യു.എം) യുണീക് ഐഡി ഹെൽത്ത് കെയർ സ്റ്റാർട്ടപ്പായ ഷോപ്പ്ഡോക് ആഗോള ഫിനാൻഷ്യൽ പ്ലാറ്റ്ഫോമായ മാസ്റ്റർകാർഡുമായി പങ്കാളിത്തം ഉറപ്പാക്കി. കെഎസ് യുഎമിന്റെ ജിടെക്സ് എക്സ്പാൻഡ് നോർത്ത് സ്റ്റാർ പ്രതിനിധി സംഘത്തിലൂടെ ദുബായിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ച സ്ഥാപനമാണ് ഷോപ്പ്ഡോക്. ആഗോള മെഡിക്കൽ ടൂറിസം മേഖലയുടെ ഡിജിറ്റലൈസേഷൻ വേഗത്തിലാക്കാൻ സഹായിക്കുന്നതാണ് ഈ സഹകരണം. ഇതുവഴി വെൽനെസ് ടൂറിസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കേരളത്തിന് ഏറെ നേട്ടമുണ്ടാകുമെന്ന് വിലയിരുത്തപ്പെടുന്നത്. മെഡിക്കൽ ടൂറിസം, ആരോഗ്യം, വെൽനസ് മേഖലകളിലെ ഉപഭോക്താക്കൾക്ക് സുരക്ഷിതവും തടസ്സമില്ലാത്തതുമായ പണമിടപാടുകൾ സാധ്യമാക്കാനാണ് മാസ്റ്റർകാർഡിന്റെ പേയ്മെന്റ് വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്നതിലൂടെ ഷോപ്പ്ഡോക് ലക്ഷ്യമിടുന്നത്. മിഡിൽ ഈസ്റ്റ്, ഇന്ത്യ, ആഫ്രിക്ക, തെക്കുകിഴക്കൻ ഏഷ്യ, യൂറോപ്പ് എന്നിവിടങ്ങളിലെ രോഗികൾ, ആശുപത്രികൾ, ക്ലിനിക്കുകൾ, വെൽനസ് സെന്ററുകൾ എന്നിവർക്ക് നൽകാൻ പോകുന്ന സേവനങ്ങളുടെ വിശദാംശങ്ങളും ഉടൻ പുറത്തു വിടും. നമ്മുടെ സ്റ്റാർട്ടപ്പുകൾ ലോകോത്തര കമ്പനികളുമായി സഹകരണം ഉറപ്പാക്കുന്നത് അഭിമാനിക്കാവുന്ന കാര്യമാണെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. ആഗോളതലത്തിലെ സഹകരണത്തിന് പാകത്തിൽ നമ്മുടെ ആവാസവ്യവസ്ഥ വളർന്നു കഴിഞ്ഞു. ഇത്തരം വാണിജ്യബന്ധങ്ങൾ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ആത്മവിശ്വാസം പകരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലോകമെമ്പാടുമുള്ള രോഗികൾക്ക് താങ്ങാനാവുന്നതും ഉയർന്ന നിലവാരമുള്ളതുമായ പരിചരണം, സുരക്ഷിതവും സ്മാർട്ടുമായ സാമ്പത്തിക ഉപകരണങ്ങളിലൂടെ ഡിജിറ്റൽഫസ്റ്റ് ഇക്കോസിസ്റ്റമാണ് നിർമ്മിക്കുന്നതെന്ന് ഷോപ്പ്ഡോക് സ്ഥാപകനും സി.ഇ.ഒ.യുമായ ശിഹാബ് മക്കാനിയിൽ പറഞ്ഞു. 2018 ൽ ഓസ്ട്രേലിയയിൽ തുടങ്ങിയ ഷോപ്പ്ഡോക് 2019ൽ കേരളത്തിൽ പ്രവർത്തനമാരംഭിച്ചു. നിലവിൽ 3000 ഡോക്ടർമാരും 700 ലധികം ആശുപത്രികളും, ആറ് ലക്ഷത്തിലധികം രോഗികളും ഷോപ്പഡോകിന്റെ ശൃംഖലയിലുണ്ട്.

# ഏഥർ സർവീസ് കാർണിവൽ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വൈദ്യുത ഇരുചക്ര വാഹന നിർമ്മാതാക്കളായ ഏഥർ എനർജി ലിമിറ്റഡ് 2025 ഒക്ടോബർ രാജ്യവ്യാപകമായ സേവന സംരംഭമായ ഏഥർ സർവീസ് കാർണിവൽ പ്രഖ്യാപിച്ചു. ഈ കാർണിവൽ കമ്പനിയുടെ വിപുലമായ സേവന ശൃംഖലയിലുടനീളമുള്ള ഏഥർ ഉപഭോക്താക്കൾക്ക് സവിശേഷമായ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുകയും, ഉത്സവ സീസണിലൂടെ സുഗമവും ആശങ്കാരഹിതവുമായ യാത്രകൾക്കായി അവരുടെ സ്കൂട്ടറുകൾ തയ്യാറാക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## കൊക്കകോള കോസ്റ്റാ കോഫിയുടെ മേഫിൾ ഹേസൽ മെനു തിരിച്ചെത്തിക്കുന്നു

**കൊച്ചി:** കഴിഞ്ഞ വർഷം ലഭിച്ച സ്വീകാര്യതയെ തുടർന്ന്, കൊക്കകോളാ കമ്പനി കീഴിലുള്ള കോസ്റ്റാ കോഫി ഇന്ത്യയിൽ പ്രശസ്തമായ മേഫിൾ ഹേസൽ മെനു വീണ്ടും തിരിച്ചെത്തിക്കുന്നു. മേഫിൾ ഹേസൽ ഹോട്ട് ലാറ്റെ, ഐസ്ഡ് ലാറ്റെ, ഫ്രാപ്പെ എന്നിങ്ങനെ കോസ്റ്റാ കോഫി മൂന്ന് പ്രത്യേക പാനീയങ്ങളാണ് ഈ സീസണിൽ അവതരിപ്പിക്കുന്നത്. ഉപഭോക്താക്കൾക്ക് തങ്ങളുടെ ഇഷ്ടാനുസരണം ചൂടായും തണുത്തും ക്രീമിയായും ഈ പ്രത്യേക കോഫി രുചിക്കാം.

ഉപഭോക്താക്കളുടെ ആവശ്യം കാരണം മേഫിൾ ഹേസൽ തിരിച്ചെത്തിച്ചതിൽ ഞങ്ങൾ അതിയായ സന്തോഷത്തിലാണെന്നും ഇത് വെറും സീസണൽ പാനീയമല്ല, യുവജനങ്ങളുടെ ജീവിതശൈലിയിലൊരു പ്രത്യേക അനുഭവമായി മാറിയിരിക്കുന്നുവെന്നും കോസ്റ്റാ കോഫിയുടെ ഹെഡ് ഓഫ് ഫ്രാഞ്ചൈസ് എമർജിംഗ് മാർക്കറ്റ്സ് ഇന്ത്യ, എസ്ഇഎ ആൻഡ് ജപ്പാൻ അർപണ ചോപ്ര പറഞ്ഞു. ഇന്ത്യയിൽ 20 വർഷം പൂർത്തിയാക്കുന്ന കോസ്റ്റാ കോഫി, പ്രീമിയം കഫേ സംസ്കാരത്തിന്റെ വളർച്ചയിൽ നിർണായക പങ്കുവഹിച്ചു. ഇപ്പോൾ രാജ്യത്ത് 200ത്തിലധികം ഔട്ട്ലെറ്റുകളുള്ള ബ്രാൻഡ്, ഇന്ത്യയെ ലോകത്തിലെ അഞ്ചു മുൻനിര വിപണികളിലൊന്നാക്കുക എന്ന ലക്ഷ്യത്തോടെ മുന്നേറുന്നു.

20ാം വാർഷികാഘോഷത്തിന്റെ ഭാഗമായി, കോസ്റ്റാ കോഫി സ്റ്റോറുകളിൽ പ്രത്യേക ആനിവേഴ്സറി മെനു, ലിമിറ്റഡ് എഡിഷൻ കപ്പുകൾ, ബാരിസ്റ്റാ വർക്ക്ഷോപ്പുകൾ, പ്രാദേശിക കലാകാരന്മാരുമായുള്ള സഹകരണങ്ങൾ തുടങ്ങിയ അനുഭവങ്ങൾ ഒരുക്കിയിട്ടുണ്ട്. മേഫിൾ ഹേസൽ മെനു ഇന്ത്യയിലെ എല്ലാ കോസ്റ്റാ കോഫി ഔട്ട്ലെറ്റുകളിലും പ്രധാന ഡെലിവറി പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്.

## ബ്രാൻഡ് റാങ്കിംഗിൽ സാംസങിന് അഞ്ചാം സ്ഥാനം

**കൊച്ചി:** ആഗോള ബ്രാൻഡ് കൺസൾട്ടൻസി സ്ഥാപനമായ ഇന്റർബ്രാൻഡിന്റെ ബെസ്റ്റ് ഗ്ലോബൽ ബ്രാൻഡ്സ് പട്ടികയിൽ തുടർച്ചയായ ആറാം വർഷവും സാംസങ് ഇലക്ട്രോണിക്സ് അഞ്ചാം സ്ഥാനത്തെത്തി. ഈ വർഷം സാംസങിന്റെ ബ്രാൻഡ് മൂല്യം 90.5 ബില്യൺ യുഎസ് ഡോളർ ആയി രേഖപ്പെടുത്തി. 2020 മുതൽ ലോകത്തിലെ അഞ്ച് മുൻനിര ബ്രാൻഡിൽ തുടർച്ചയായി സ്ഥാനം നിലനിർത്തുന്ന ഏക ഏഷ്യൻ കമ്പനിയായി ഇതോടെ മാറിയെന്ന് സാംസങ് ഇലക്ട്രോണിക്സ് ഗ്ലോബൽ മാർക്കറ്റിംഗ് ഓഫീസ് പ്രസിഡന്റും മേധാവിയുമായ വോൺജിൻ ലീ പറഞ്ഞു.

വിവിധ ബിസിനസ് വിഭാഗങ്ങളിലാകെ എഐ മികവിനുള്ള ശക്തമായ നിക്ഷേപങ്ങൾ, ഉൽപ്പന്നങ്ങളിൽ ഏകീകൃത എഐ അനുഭവങ്ങളിലൂടെ ഉപഭോക്തൃ സംതൃപ്തി വർധിപ്പിച്ചത്, എഐ സെമികണ്ടക്ടറുകളിലേക്കുള്ള ലക്ഷ്യബദ്ധമായ നിക്ഷേപം, ഉപഭോക്തൃകേന്ദ്രിതമായ ബ്രാൻഡ് തന്ത്രങ്ങൾ തുടങ്ങിയവയാണ് ഇന്റർബ്രാൻഡിന്റെ വിലയിരുത്തൽ പ്രകാരം സാംസങിന്റെ ഉയർന്ന റാങ്കിന് കാരണമായത്. എഐ നവീകരണത്തിലൂടെയും തുറന്ന സഹകരണത്തിലൂടെയും സാംസങ് ഉപഭോക്താക്കൾക്ക് അവരുടെ ദിനചര്യയിൽ എഐ അനുഭവിക്കാൻ അവസരം ഒരുക്കുന്നുവെന്നും ആരോഗ്യവും സുരക്ഷയും ഉൾപ്പെടെ ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണങ്ങൾ നൽകുകയെന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും വോൺജിൻ ലീ പറഞ്ഞു.

## എക്സ്പീരിയൻസ് അബുദാബിയുടെ ബ്രാൻഡ് അംബാസഡറായി ദീപിക പദുക്കോൺ

**കൊച്ചി:** ബോളിവുഡ് താരമായ ദീപിക പദുക്കോണിനെ അബുദാബിയുടെ ടൂറിസം ബ്രാൻഡായ എക്സ്പീരിയൻസ് അബുദാബിയുടെ പുതിയ റീജിയണൽ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. 2023 മുതൽ ബ്രാൻഡ് അംബാസഡറായി പ്രവർത്തിക്കുന്ന ജീവിതപങ്കാളിയും ബോളിവുഡ് ഐക്കണുമായ രൺവീർ സിങിനൊപ്പമാണ് ദീപിക ചേരുന്നത്. ഇതോടെ ഈ ഡെസ്റ്റിനേഷനെ ഒരുമിച്ച് പ്രതിനിധീകരിക്കുന്ന ആദ്യത്തെ ബോളിവുഡ് പവർ കപ്പിളായും രൺവീർ സിങും ദിപീക പദുക്കോണും മാറി. ദീപികയും രൺവീറും ചേർന്ന് അബുദാബിയുടെ വിനോദ, സംസ്കാര, ഉത്സവാനുഭവങ്ങൾ ലോകത്തോട് പങ്കുവെക്കും. ദീപാവലി ഫെസ്റ്റിവൽ ഉൾപ്പെടെ സീസണൽ ഓഫറുകളെയും വരാനിരിക്കുന്ന ക്യാമ്പയിനുകൾക്കും ദീപിക പദുക്കോൺ നേതൃത്വം നൽകും.




# ലെക്സസ് ഇന്ത്യ എൽഎം 350എച്ച് പുറത്തിറക്കി

**കൊച്ചി;** ലെക്സസ് ഇന്ത്യ ലെക്സസ് എൽഎം 350എച്ച് പുറത്തിറക്കി. പുതിയ എൽഎം 350എച്ചിന്റെ വരവ് ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത മികവ്, സവിശേഷമായ രൂപകൽപ്പന, ആധുനിക സുഖസൗകര്യങ്ങൾ എന്നിവ നൽകുന്നതിനുള്ള ലെക്സസിന്റെ പ്രതിബദ്ധത ആവർത്തിച്ചുറപ്പിക്കുന്നതായി ലെക്സസ് ഇന്ത്യ പ്രസിഡന്റ് ഹികാരു ഇക്യൂച്ചി പറഞ്ഞു. ആഡംബര യാത്ര ആഗ്രഹിക്കുന്ന ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന എണ്ണത്തിനും ആവശ്യകതയ്ക്കും അനുരൂപമായ മുൻനിര വാഹനമായ എൽഎം 350എച്ച് ഇന്ത്യൻ വിപണിയിൽ ഇതിനകം തന്നെ മികച്ച പ്രതികരണം നേടിയിട്ടുണ്ട്.

ഡീറ്റെയ്ലിന് സൂക്ഷ്മമായ ശ്രദ്ധ നൽകി, ഏറ്റവും നവീനമായ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് പുതിയ എൽഎം 350എച്ച് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അൾട്രാലക്ഷ്വറി മൊബിലിറ്റി വിഭാഗത്തെ നയിക്കുന്ന വാഹനമെന്ന നിലയിൽ സ്ഥാനം കൂടുതൽ ഉറപ്പിക്കുന്നതിനായി നിരവധി മെച്ചപ്പെടുത്തലുകളാണ് ഈ മോഡലിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇ20 അനുയോജ്യതാ എഞ്ചിൻ, പിൻ കൺസോളിൽ പവർ സ്ലൈഡിംഗ് ഡോർ സ്വിച്ച്, നാല് സീറ്റർ വേരിയന്റിൽ മെച്ചപ്പെട്ട സുരക്ഷയ്ക്കും ഡ്രൈവറുടെ സുഖസൗകര്യത്തിനുമായി ഓട്ടോ ഡിമ്മിംഗ് ഒആർവിഎം ഫംഗ്ഷൻ. നാല് സീറ്റർ വേരിയന്റിൽ പിൻസീറ്റ് യാത്രക്കാർക്ക് സൗകര്യവും ആധുനികതയും നൽകുന്ന പുതിയ റിയർ കൺസോൾ ട്രേ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നുവെന്നുംഹികാരു ഇക്യൂച്ചി പറഞ്ഞു. ഈ മോഡൽ ഉപഭോക്താക്കൾക്ക് ഇന്ത്യയിൽ ആധുനികതയുടെയും ആഡംബരത്തിന്റെയും സമാനതകളില്ലാത്ത അനുഭവം വാഗ്ദാനം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു.

# ബാങ്ക് ഓഫ് ബറോഡയുടെ ഉൽസവകാല ആനുകൂല്യങ്ങൾക്ക് തുടക്കമായി

**കൊച്ചി:** ഉൽസവക്കാലത്തോട് അനുബന്ധിച്ച് ബാങ്ക് ഓഫ് ബറോഡ തങ്ങളുടെ വാർഷിക ക്യാമ്പെയിനായ ബോബ് കേ സങ് ത്യോഹാർ കി ഉമാംഗ്, ശുഭ് ബി, ലാഭ് ബി അവതരിപ്പിച്ചു. ദീർഘകാല ആഗ്രഹങ്ങൾ സാധിക്കുന്നതിനും ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഒരു പോലെ പിന്തുണ നൽകുന്ന ആനുകൂല്യങ്ങളാണ് അവതരിപ്പിക്കുന്നതെന്ന് ചീഫ് ജനറൽ മാനേജർ ഷൈലേന്ദ്ര സിങ് പറഞ്ഞു. ഭവന വായ്പകൾ 7.45 ശതമാനം മുതലുള്ള പലിശ നിരക്കിലും പ്രോസസ്സിങ് ഫീസ് ഇല്ലാതെയുമാണ് അവതരിപ്പിക്കുന്നത്. വാഹന വായ്പകൾക്ക് പലിശ കുറയ്ക്കുകയും ഓൺ റോഡ് വിലയുടെ 90 ശതമാനം വരെ വായ്പ അനുവദിക്കുകയും ചെയ്യും. വൈദ്യുത വാഹനങ്ങൾക്ക് എട്ടു വർഷം വരെ തിരിച്ചടവു കാലാവധിയും ലഭ്യമാകും. വൈദ്യുത വാഹനങ്ങളുടെ വായ്പയിൽ പ്രോസസ്സിങ് ഫീസിൽ 50 ശതമാനം ഇളവും നൽകും.

ശരാശരി പ്രതിമാസ ബാലൻസിന്റെ കാര്യത്തിൽ കുറവു വരുത്തിയ ബോബ് മാസറ്റർസ്ട്രോക് ലൈറ്റ് സേവിങ്സ് അക്കൗണ്ടുകൾ സൗജന്യ ട്രാവൽ ഡെബിറ്റ് കാർഡ് ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങളാണ് പ്രദാനം ചെയ്യുന്നത്. ഡെബിറ്റ് കാർഡ് ഉപയോഗിക്കുമ്പോൾ ഉൽസവ കാലത്ത് നിരവധി ബ്രാൻഡുകളുമായി ചേർന്നുള്ള ഇളവുകളും ലഭ്യമാക്കുന്നുണ്ട്. ബിസിനസുകാർക്കായുള്ള നിരവധി ആനുകൂല്യങ്ങളും ബാങ്ക് ഓഫ് ബറോഡ ഈ ഉൽസവക്കാലത്തേക്കായി ലഭ്യമാക്കുന്നുണ്ട്. ഉൽസവക്കാലമെന്നത് കേവലം ആഘോഷത്തിന്റേതു മാത്രമല്ല, ദീർഘകാല പ്രതീക്ഷകൾ നിറവേറ്റാനുള്ളതു കൂടിയാണെന്നു തങ്ങൾ മനസിലാക്കുന്നതായും ഷൈലേന്ദ്ര സിങ് പറഞ്ഞു. തങ്ങളുടെ ഉപഭോക്താക്കളുടെ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കാനാണു തങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# സോണി ഇന്ത്യ പുതിയ ഹെഡ്ഫോൺ പുറത്തിറക്കി

**കൊച്ചി:** പ്രീമിയം ഓഡിയോയ്ക്കും വ്യക്തിഗത കേൾവി അനുഭവങ്ങൾക്കും പുതിയ മാനദണ്ഡവുമായി 1000എക്സ് സീരീസിന്റെ ഏറ്റവും പുതിയ പതിപ്പ് അവതരിപ്പിച്ച് സോണി ഇന്ത്യ. നോയ്സ് കാൻസലിങ്ങിന്റെ പുത്തൻ മാറ്റം ഉൾക്കൊണ്ടുള്ള ഡബ്ല്യുഎച്ച്1000എക്സ്എം6 വയർലെസ് നോയ്സ് കാൻസലിങ് ഹെഡ്ഫോൺ ആണ് സോണി ഇന്ത്യ പുറത്തിറക്കിയത്. സംഗീത പ്രേമികൾ മുതൽ പ്രൊഫഷണലുകൾ വരെയുള്ള



എല്ലാവർക്കുമായി സമാനതകളില്ലാത്ത ഓഡിയോ സൊല്യൂഷൻ വാഗ്ദാനം ചെയ്യുന്ന ഈ മോഡൽ, 1000എക്സ് സീരീസിന്റെ പാരമ്പര്യം പിന്തുടർന്ന് മികച്ച നോയ്സ് കാൻസലിങ്ങിനൊപ്പം പ്രീമിയം ശബ്ദവും മികച്ച രൂപകൽപനയും സംയോജിപ്പിച്ചാണ് എത്തുന്നത്.

നെക്സ്റ്റ്ജെൻ ചിപ്പിലും ഇന്റലിജന്റ് അൽഗോരിതങ്ങളിലും പ്രവർത്തിക്കുന്ന സോണിയുടെ ഏറ്റവും നൂതനമായ നോയ്സ് കാൻസലിങ് ടെക്നോളജിയാണ് ഡബ്ല്യുഎച്ച് 1000എക്സ്എം6ൽ ഉപയോഗിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. മുൻ മോഡലുകളേക്കാൾ ഏഴിരട്ടി വേഗത്തിലുള്ള പ്രോസസർ വേഗതയുള്ള എച്ച്ഡി നോയ്സ് കാൻസലിങ് പ്രോസസർ ക്യൂഎൻ3യാണ് പുതിയ മോഡലിലുള്ളത്. ഇത് ഡബ്ല്യുഎച്ച് 1000എക്സ്എം5നെ അപേക്ഷിച്ച് 1.5 മടങ്ങ് കൂടുതലായ 12 മൈക്രോഫോണുകളെ തത്സമയം മികച്ച രീതിയിൽ ക്രമീകരിക്കും. സോണിയുടെ പുതിയ അഡാപ്റ്റീവ് എൻസി ഓപ്റ്റിമൈസർ സമാനതകളില്ലാത്ത നോയ്സ് കാൻസലിങ് കൃത്യതയും നൽകും. സംഗീതത്തെയും പുറമെയുള്ള ശബ്ദത്തെയും സന്തുലിതമാക്കുന്ന ഓട്ടോ ആംബിയൻറ് സൗണ്ട് മോഡ് ആണ് മറ്റൊരു സവിശേഷത. സോണിയുടെ ഓഡിയോ കോഡിങ് സാങ്കേതികവിദ്യയായ എൽഡിഎസി വഴി, ഹൈറെസല്യൂഷൻ ഓഡിയോയും ഹൈറെസല്യൂഷൻ ഓഡിയോ വയർലെസും ഡബ്ല്യു എച്ച്1000എക്സ്എം6 പിന്തുണയ്ക്കും.

സ്റ്റുഡിയോ നിലവാരത്തിലുള്ള കൃത്യത ഉറപ്പാക്കുന്നതിന് ലോകപ്രശസ്ത മാസ്റ്ററിങ് എഞ്ചിനീയർമാരുമായി ചേർന്നാണ് പുതിയ മോഡൽ രൂപകൽപന ചെയ്തിരിക്കുന്നത്. പരിസ്ഥിതിയെ കൂടി പരിഗണിച്ച് 100 ശതമാനം പേപ്പർ മെറ്റീരിയലുകൾ ഉപയോഗിച്ചാണ് ഡബ്ല്യുഎച്ച്1000എക്സ്എം6ൻറെ പാക്കേജിങ് നിർമാണം. പ്രീമിയർ കൺസ്യൂമർ, പ്രൊഫഷണൽ ഓഡിയോ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കുമായി ഫോർ ദ മ്യൂസിക് എന്ന പേരിൽ പുതിയ ഒരു ബ്രാൻഡ് പ്ലാറ്റ്ഫോമും സോണി സ്ഥാപിച്ചിട്ടുണ്ട്. കറുപ്പ്, പ്ലാറ്റിനം സിൽവർ, മിഡ്നൈറ്റ് ബ്ലൂ എന്നീ നിറങ്ങളിൽ ഡബ്ല്യുഎച്ച്1000എക്സ്എം6 വയർലെസ് നോയ്സ് കാൻസലിങ് ഹെഡ്ഫോൺ ലഭ്യമാവും. സോണി സെൻററുകൾ, തിരഞ്ഞെടുത്ത ക്രോമ, റിലയൻസ് ഔട്ട്ലെറ്റുകൾ, www.shopatsc.com പോർട്ടൽ, ആമസോൺ എന്നിവിടങ്ങളിൽ ലഭ്യമാണ്. 39,990 രൂപയാണ് വില.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com